# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5640** **24/05/2017-ൽ മറുപടിയ്ക്ക്**

## കാസർഗോഡ് ജില്ലയിൽ മഴക്കാലപൂർവ്വ രോഗപ്രതിരോധത്തിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | കാസർഗോഡ് ജില്ലയിൽ മഴക്കാലപൂർവ്വ രോഗപ്രതിരോധത്തിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | എ) | സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും മഴക്കാലപൂർവ്വ രോഗപ്രതിരോധത്തിന്റെ ഭാഗമായി മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ വിവിധ വകുപ്പുകളെ ഉൾപ്പെടുത്തിക്കൊണ്ട് രണ്ട് തവണ യോഗം വിളിച്ചുചേർത്ത് മഴക്കാലപൂർവ്വ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും വിവിധ വകുപ്പുകൾ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ വിശദമായി ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ സ്ക്രീനിംഗ്, കൊതുക് സാന്ദ്രതാ പഠനം, ക്ലോറിനേഷൻ, എല്ലാ വിഭാഗം ജീവനക്കാരുടെ പരിശീലനം, വാർഡ് തല ആരോഗ്യശുചിത്വ സമിതികളുടെ യോഗം, സ്ഥാപന/ പൊതുസ്ഥല ഉറവിട നശീകരണ പ്രവർത്തനങ്ങൾ, കൊതുക് കൂത്താടി നശീകരണ പ്രവർത്തനങ്ങൾ, ആരോഗ്യ ബോധവൽക്കരണ/ ശീലവത്ക്കരണ പ്രവർത്തനങ്ങൾ എന്നിവ നടത്തി.<br>മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്തുകയും യന്ത്രസാമഗ്രികൾ (ഫോഗിംഗ് മെഷീൻ, സ്പ്രേയർ) പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്തുകയും ജില്ലയിൽ 15 ഇടങ്ങളിലായി ആരോഗ്യ സന്ദേശ |

| | | | |
|---|---|---|---|
| | | | യാത്ര നടത്തുകയും ചെയ്തു. തോട്ടം മേഖലകളിലെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആഴ്ചതോറും ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ അവലോകന യോഗം ചേരുകയും പ്രവർത്തനങ്ങൾ വിലയിരുത്തി വരികയും ചെയ്യുന്നു. |
| ബി) | അതിർത്തി ജില്ല എന്ന നിലയിൽ എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | ബി) | അതിർത്തി ജില്ലകളിൽ എല്ലാം തന്നെ പ്രത്യേക ജാഗ്രതാ നിർദ്ദേശങ്ങളും പ്രവർത്തനങ്ങളും നടത്തിവരുന്നു. കൂടാതെ ഈ പ്രദേശങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്ന രോഗത്തിന്റെ വിവരങ്ങൾ അതാത് സ്ഥലങ്ങളിലേയ്ക്ക് ക്രോസ് ബോർഡർ നോട്ടിഫിക്കേഷൻ വഴി യഥാസമയം നൽകിവരുന്നു. |

**സെക്ഷൻ ഓഫീസർ**